2026
SEPTEMBER
25
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

# ആസ്റ്റർ മെഡ്സിറ്റിക്കായി 10 മെഗാവാട്ട് സൗരോർജ്ജ പദ്ധതിയുമായി ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ

**കൊച്ചി:** ആസ്റ്റർ മെഡ്സിറ്റിക്കായി 10 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതി കമ്മീഷൻ ചെയ്ത് ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ. കൂടുതൽ സുസ്ഥിരവും ഊർജ്ജക്ഷമതയുള്ളതുമായ ആരോഗ്യ സംരക്ഷണ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനായി ഓയിസ്റ്റർ റിന്യൂവബിൾ എനർജി പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്നാണ് പദ്ധതി.

ഓയിസ്റ്റർ റിന്യൂവബിൾ വികസിപ്പിച്ച ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രൊജക്റ്റ് കാസർഗോഡ് ഹൊസ്ദുർഗിൽ അമ്പലത്തറയിലും സമീപ ഗ്രാമങ്ങളിലുമാണ് സ്ഥിതി ചെയ്യുന്നത്. ഉഷ്ണമേഖലാ കാലാവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ രൂപകൽപ്പന ചെയ്ത ഉയർന്ന കാര്യക്ഷമതയുള്ള ബൈഫേഷ്യൽ സോളാർ മൊഡ്യൂളുകളാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്.

ആസ്റ്റർ മെഡ്സിറ്റിയുടെ 24 മണിക്കൂറുമുള്ള ഊർജ്ജ ആവശ്യങ്ങൾ മികച്ച രീതിയിൽ നിറവേറ്റാൻ ഇത് സഹായിക്കും.

പദ്ധതിയിലൂടെ പ്രതിവർഷം 1.6 മുതൽ 1.75 കോടി യൂണിറ്റ് പുനരുപയോഗ ഊർജ്ജം ഉത്പാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് ആസ്റ്റർ മെഡ്സിറ്റിയുടെ മൊത്തം ഊർജ്ജ ആവശ്യത്തിന്റെ 90%ത്തിലധികം നിറവേറ്റും. ആസ്റ്റർ ഗ്രൂപ്പിന് 26% ഇക്വിറ്റി പങ്കാളിത്തമുള്ള ഓയിസ്റ്റർ ഗ്രീൻ ഹൈബ്രിഡ് ടു പ്രൈവറ്റ് ലിമിറ്റഡ് വഴിയാണ് ഈ വൈദ്യുതി വിതരണം ചെയ്യുന്നത്.

പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്നതോടെ പ്രതിവർഷം ഏകദേശം 23,138 മെട്രിക് ടൺ കാർബൺ പുറന്തള്ളൽ കുറയ്ക്കാൻ സാധിക്കും. പദ്ധതിക്കായി ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ 3.87 കോടി രൂപ ചിലവിട്ടിട്ടുണ്ട്.

പദ്ധതിയുടെ ആദ്യ ഘട്ടമാണ് ഇപ്പോൾ കമ്മീഷൻ ചെയ്തിരിക്കുന്നത്. അടുത്ത ഘട്ടങ്ങൾ ഉടൻ പൂർത്തിയാകും.



'ഒരു ആരോഗ്യപരിപാലന സ്ഥാപനം എന്ന നിലയിൽ, ആശുപത്രികൾക്കുള്ളിൽ നൽകുന്ന പരിചരണത്തിനും അപ്പുറത്തേക്ക് ആരോഗ്യകരമായ ഒരു സമൂഹത്തെ സൃഷ്ടിക്കാനുള്ള ഉത്തരവാദിത്തം കൂടെയുണ്ടെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. ഭാവിയിലേക്ക് കൂടുതൽ കാര്യക്ഷമവും സുസ്ഥിരവുമായ ആരോഗ്യ സംരക്ഷണ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നിക്ഷേപങ്ങൾ ഞങ്ങൾ തുടരും.' ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ സിഇഒ (ഇന്ത്യ 1) രമേഷ് കുമാർ പറഞ്ഞു.

'ഹരിത ഊർജ്ജ അടിസ്ഥാന സൗകര്യങ്ങൾക്ക് ഒരു പുതിയ മാതൃക സൃഷ്ടിക്കുന്നതാണ് പദ്ധതി. വൈദ്യുതി തടസ്സമില്ലാതെ ആവശ്യംവരുന്ന ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾക്ക്, അത് ഉറപ്പാക്കുന്ന രീതിയിലാണ് പദ്ധതി വികസിപ്പിച്ചിരിക്കുന്നത്.

ആസ്റ്ററിന്റെ ഇത്തരം സുസ്ഥിര പദ്ധതികളിൽ പങ്കാളികളാകാൻ കഴിയുന്നതിൽ അഭിമാനമുണ്ട്.' ഓയിസ്റ്റർ റിന്യൂവബിൾ എനർജി പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ സിദ്ധാർത്ഥ് ഭാട്ടിയ പറഞ്ഞു.

ആരോഗ്യ സംരക്ഷണം പോലെയുള്ള ഉയർന്ന ഊർജ്ജ ആവശ്യകതയുള്ള മേഖലകളിൽ പുനരുപയോഗ ഊർജ്ജ പരിഹാരങ്ങളുടെ വർദ്ധിച്ചുവരുന്ന പ്രാധാന്യത്തെ പദ്ധതി അടിവരയിടുന്നു. ഇത്തരത്തിലുള്ള സംരംഭങ്ങളിലൂടെ ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുകയും പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്യുന്നു.




# ഡാറ്റ ഇല്ലാത്ത പ്ലാനുകൾ നൽകണം: ട്രായി

**ന്യൂദൽഹി:** ഫോൺ പ്രധാനമായും കോളുകൾക്കും എസ്എംഎസുകൾക്കും മാത്രം ഉപയോഗിക്കുന്ന ടെലികോം ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ കൂടുതൽ റീചാർജ് ഓപ്ഷനുകൾ അവതരിപ്പിക്കാൻ ടെലികോം സേവനദാതാക്കൾക്ക് ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ (ട്രായി) നിർദേശം നൽകി.

ഇന്റർനെറ്റ് ഡാറ്റ ആനുകൂല്യങ്ങൾ ഉപയോഗിക്കാത്തവർക്കു വേണ്ടിയാണ് ട്രായി പ്രത്യേക താരിഫ് വൗച്ചറുകൾ ലഭ്യമാക്കാൻ നിർദേശം നൽകിയത്. പുതിയ പ്ലാനുകൾ ഒക്ടോബർ 22 മുതൽ നിലവിൽ വരും.

പുതിയ നിയമങ്ങൾ അനുസരിച്ച്, ഡാറ്റ ഉൾപ്പെടുന്ന പ്ലാനുകളെ അപേക്ഷിച്ച് അനുയോജ്യമായ നിരക്ക് കുറവോടെ, വോയിസ് കോളുകൾക്കും എസ്എംഎസിനും മാത്രമായുള്ള പ്രത്യേക താരീഫ് വൗച്ചറുകൾ (എസ്ടിവി) സേവനദാതാക്കൾ നൽകണം.

ഓരോ മാസവും ഒരേ തീയതിയിൽ പുതുക്കാവുന്ന വോയ്സ്എസ്എംഎസ് മാത്രം ഉൾപ്പെടുന്ന പ്ലാനുകൾ കമ്പനികൾ നൽകണം. വൗച്ചർ പുതുക്കേണ്ടിവരുമ്പോൾ എസ്ടിവിയുടെ കാലാവധി എല്ലാ മാസവും ഒരേ തീയതിയോ അല്ലെങ്കിൽ ആ മാസത്തിലെ അവസാന തീയതിയോ ആയി കണക്കാക്കണം.

ട്രായിയുടെ പുതിയ നിയമം വഴി മൊബൈൽ റീചാർജ് ചെലവ് വലിയ രീതിയിൽ കുറയ്ക്കാൻ ഉപഭോക്താക്കൾക്കു കഴിയും. വൈഫൈ ഉപയോഗിക്കുന്നവർക്കും ഇൻറർനെറ്റ് ആവശ്യമില്ലാത്ത ഫീച്ചർ ഫോൺ ഉപഭോക്താക്കൾക്കും ആശ്വാസമാണ് ഈ തീരുമാനം.

ഡാറ്റ ഒഴിവാക്കുന്നതിനനുസരിച്ച് നിരക്കിലും യുക്തമായ കുറവ് വരുത്തണം. നിലവിൽ ഇന്റർനെറ്റ് ഉപയോഗിക്കാത്ത ഉപയോക്താക്കൾക്ക് വലിയ നിരക്കിലുള്ള പ്ലാനുകൾ എടുക്കേണ്ടിവരുന്നത് ഒഴിവാക്കാനാണ് ഈ നിർദേശം.

നിലവിൽ കമ്പനികൾ നൽകുന്ന 30 ദിവസത്തിൽ താഴെയുള്ള (ഉദാഹരണത്തിന് 28 ദിവസം) വോയ്സ്+ഡാറ്റ+എസ്എംഎസ് പ്ലാനുകൾ ഉണ്ടെങ്കിൽ അതേ കാലാവധിയിൽ ഡാറ്റ ഇല്ലാത്ത ബദൽ പ്ലാനും നിർബന്ധമായും നലകണം. 30 ദിവസത്തിനു മുകളിൽ വാലിഡിറ്റിയുള്ള പ്ലാനുകൾക്കും ഇതേ രീതിയിൽ ഡാറ്റയില്ലാത്ത പ്ലാനുകൾ ലഭ്യമാക്കണം.




# തകരാർ കണ്ടെത്തിയാൽ സൗജന്യ എൽപിജി സിലിണ്ടർ; സീറോ കാ ദം പദ്ധതിയുമായി ബിപിസിഎൽ

**കൊച്ചി:** വിതരണസമയത്ത് യഥാർഥ തകരാർ കണ്ടെത്തുന്ന ഭാരത് ഗ്യാസ് സിലിണ്ടറുകൾ സൗജന്യമായി റീഫിൽ ചെയ്യുന്ന പദ്ധതി പ്രഖ്യാപിച്ച് പ്രമുഖ പൊതുമേഖലാ എണ്ണക്കമ്പനിയായ ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (ബിപിസിഎൽ).

ബോട്ടിലിംഗ് പ്ലാൻറുകളിൽ നിന്നു ഗുണഭോക്താക്കളുടെ പക്കലെത്തുന്നതുവരെ ഭാരത് ഗ്യാസ് എൽപിജി സിലിണ്ടറുകൾക്ക് ഗുണമേന്മയും അധിക സുരക്ഷയും ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് നടപടി. ആദ്യഘട്ടത്തിൽ തിരുവനന്തപുരം നഗരത്തിൽ ആരംഭിക്കുന്ന പദ്ധതി



വരുംദിവസങ്ങളിൽ വിപുലീകരിക്കുമെന്നും ബിപിസിഎൽ അറിയിച്ചു. സിലിണ്ടർ വിതരണ സേവനങ്ങളെ കാര്യക്ഷമമാക്കുകയാണ് സീറോ കാ ദം എന്നു പേരിട്ടിരിക്കുന്ന പദ്ധതിയിലൂടെ ബിപിസിഎൽ ലക്ഷ്യമിടുന്നത്.

തകരാർ സംഭവിച്ച സിലിണ്ടറുകൾക്കു പകരം, മാനദണ്ഡങ്ങൾക്കനുസൃതമായാണ് പുതിയത് അനുവദിച്ചു നൽകുക. നാഷണൽ അക്രഡിറ്റേഷൻ ബോർഡിൻറെ (എൻഎബിസിബി) അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്വതന്ത്ര ഏജൻസികളുടെ ഗുണനിലവാര പരിശോധനയ്ക്ക് പുറമെ സാങ്കേതികവിദ്യ, പരിപാലനം, സുരക്ഷാ പരിശോധനകൾ എന്നിവയും പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കും.പ്രവർത്തനക്ഷമതയും ഉപഭോക്തൃ സുരക്ഷയും ഉറപ്പാക്കുന്നതിനൊപ്പം ഉയർന്ന ഗുണമേന്മയുള്ള സിലിണ്ടറുകൾ വിതരണം ചെയ്യുന്നതിനുള്ള ബിപിസിഎല്ലിന്റെ പ്രതിബദ്ധതയുമാണ് പദ്ധതിയിലൂടെ പ്രതിഫലിക്കുന്നതെന്ന് ബിപിസിഎൽ എൽപിജി വിഭാഗം ബിസിനസ് ഹെഡ് ടി.വി. പാണ്ഡ്യൻ പറഞ്ഞു.



# സർവീസ് ക്ലിനിക്കുമായി ഉന്നത വിദ്യാഭ്യാസ വകുപ്പ്

**തിരുവനന്തപുരം:** ഉന്നത വിദ്യാഭ്യാസ വകുപ്പിൽ കെട്ടിക്കിടക്കുന്ന സർവീസ് സംബന്ധമായ പരാതികളും ഫയലുകളും വേഗത്തിൽ തീർപ്പാക്കുന്നതിന് പ്രത്യേക 'സർവീസ് ക്ലിനിക്ക്' ആരംഭിച്ചു. സെക്രട്ടറിയേറ്റ് അനക്സ് ലയം ഹാളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ സർവീസ് ക്ലിനിക്ക് ഉദ്ഘാടനം ചെയ്തു. വകുപ്പിലെ ജീവനക്കാരുടെ സർവീസ് പ്രശ്നങ്ങൾക്ക് വേഗത്തിൽ പരിഹാരം കാണുകയാണ് ക്ലിനിക്കിലൂടെ ലക്ഷ്യമിടുന്നതെന്ന് മന്ത്രി വ്യക്തമാക്കി. കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് കൂടുതൽ പ്രാധാന്യം നൽകുന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പിൽ മാത്രം ആയിരക്കണക്കിന് ഫയലുകളാണ് വർഷങ്ങളായി കെട്ടിക്കിടക്കുന്നത്. അഞ്ചു വർഷത്തിലധികം പഴക്കമുള്ള ഫയലുകൾ പോലും തീരുമാനമായിട്ടില്ല. അപേക്ഷകർ ഓഫീസുകളിൽ കയറി ഇറങ്ങുന്ന സാഹചര്യമാണ് നിലവിലുള്ളത്. കെട്ടിക്കിടക്കുന്ന ഫയലുകളിൽ വലിയൊരു ശതമാനവും ജീവനക്കാരുടെ സർവീസുമായി ബന്ധപ്പെട്ടാണ്. ഈ വിഷയങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനാണ് സർവീസ് ക്ലിനിക് ആരംഭിക്കുന്നത്. ക്ലിനിക്കിന്റെ ഭാഗമായി ഇന്ന് മാത്രം 32 ഓളം ഫയലുകൾ പരിശോധിച്ച് പരമാവധി തീർപ്പാക്കി. സാങ്കേതികമായി പ്രശ്നമുള്ളത് ധന, നിയമ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് പരിഹാരം കാണാൻ ശ്രമിക്കുമെന്നും മന്ത്രി അറിയിച്ചു.

രണ്ടാം ശനിയാഴ്ച ഒഴികെയുള്ള എല്ലാ ശനിയാഴ്ചകളിലും ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ സർവീസ് ക്ലിനിക്ക് പ്രവർത്തിക്കും. ജീവനക്കാരുടെ ആനുകൂല്യങ്ങൾ, സ്ഥാനക്കയറ്റം, പെൻഷൻ, സർവീസ് ക്രമവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട തടസം പരിഹരിച്ച് ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുകയാണ് ലക്ഷ്യം. വകുപ്പിലെയും ധന, നിയമ വകുപ്പുകളിലെയും മുതിർന്ന ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് ക്ലിനിക്കിന്റെ പ്രവർത്തനം. സർവീസ് വിഷയങ്ങളിലെ കാലതാമസം ഒഴിവാക്കാനും ഭരണനിർവഹണം കൂടുതൽ കാര്യക്ഷമമാക്കാനും ക്ലിനിക്കിലൂടെ കഴിയും. ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബി അശോക്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പി ജയപ്രകാശ്, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# 20ാമത് അഖില കേരള വിശ്വജ്യോതി ഇന്റർസ്കൂൾ ബാസ്കറ്റ്ബോൾ ടൂർണമെന്റ് ഇന്നുമുതൽ

**അങ്കമാലി:** വിശ്വജ്യോതി പബ്ലിക് സ്കൂൾ സ്ഥാപക പ്രിൻസിപ്പാൾ ഫാ. ജോൺ പൈനാടത്ത് സി.എം.ഐയുടെ സ്മരണാർത്ഥം സംഘടിപ്പിക്കുന്ന 20ാമത് അഖില കേരള വിശ്വജ്യോതി ഇന്റർസ്കൂൾ ബാസ്കറ്റ്ബോൾ ടൂർണമെന്റും വിശ്വജ്യോതി സി.ബി.എസ്.ഇ ഇൻവിറ്റേഷണൽ ബാസ്കറ്റ്ബോൾ ടൂർണമെന്റും സെപ്റ്റംബർ 25 മുതൽ 28 വരെ സ്കൂളിലെ ഫ്ലഡ്ലിറ്റ് കോർട്ടിൽ നടക്കും. ഫാ. ജോൺ പൈനാടത്ത് എവർ റോളിംഗ് ട്രോഫിക്കായും വിശ്വജ്യോതി എവർ റോളിംഗ് ട്രോഫിക്കായും ആൺകുട്ടികളുടെയും പെൺകുട്ടികളുടെയുമായി 30 ടീമുകൾ മാറ്റുരയ്ക്കും. വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങളും ക്യാഷ് അവാർഡുകളും നൽകും. ടൂർണമെന്റിന്റെ ഉദ്ഘാടനം സെപ്റ്റംബർ 25ന് വൈകീട്ട് 5ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ നിർവ്വഹിക്കും. സെപ്റ്റംബർ 28ന് രാവിലെ 11ന് നടക്കുന്ന സമാപന സമ്മേളനം സി.എം.ഐ പ്രൊവിൻഷ്യൽ ഫാ. പൗലോസ് കിടങ്ങേൻ സി.എം.ഐ ഉദ്ഘാടനം ചെയ്യും.

ഭിന്നശേഷിക്കാരായ കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ദേശീയതലത്തിലുള്ള വീൽചെയർ ബാസ്കറ്റ്ബോൾ താരങ്ങളുടെ പ്രത്യേക മത്സരവും സെപ്റ്റംബർ 26ന് വൈകീട്ട് 6.30ന് സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ, സെപ്റ്റംബർ 27ന് വൈകീട്ട് 7 മണിക്ക് പൂർവ്വവിദ്യാർത്ഥികളും ബാസ്കറ്റ്ബോൾ ഒഫീഷ്യൽസും തമ്മിലുള്ള സൗഹൃദ മത്സരവും കാണികൾക്കായി സൈക്കിൾ ഉൾപ്പെടെയുള്ള സമ്മാനങ്ങളോടെ ലക്കി ഡ്രോ മത്സരങ്ങളും ക്രമീകരിച്ചിട്ടുണ്ടെന്ന് അധികൃതർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

# കേരള പിറവിയുടെ 70ാം വാർഷികം രാജ്യത്തെ പ്രധാന നഗരങ്ങളിൽ ഫെസ്റ്റിവൽ കേരളം സംഘടിപ്പിക്കും : മുഖ്യമന്ത്രി

**തിരുവനന്തപുരം:** കേരള പിറവിയുടെ 70ാം വാർഷികത്തോടനുബന്ധിച്ച് രാജ്യത്തെ പ്രധാന നഗരങ്ങളിൽ 'ഫെസ്റ്റിവൽ കേരളം' സംഘടിപ്പിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ അറിയിച്ചു. കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യം, നിക്ഷേപ സാധ്യതകൾ, ടൂറിസം മേഖലയുടെ സാധ്യതകൾ എന്നിവ ദേശീയ, അന്തർ ദേശീയ തലത്തിൽ പരിചയപ്പെടുത്തുകയാണ് പരിപാടിയുടെ ലക്ഷ്യമെന്ന് മന്ത്രിസഭാ യോഗത്തിന് ശേഷം സെക്രട്ടേറിയറ്റിൽ നടത്തിയ വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞു.

ആദ്യഘട്ടത്തിൽ ന്യൂഡൽഹി, മുംബൈ, ബെംഗളൂരു, ചെന്നൈ, കൊൽക്കത്ത എന്നിവിടങ്ങളിലാണ് ഫെസ്റ്റിവൽ കേരളം സംഘടിപ്പിക്കുക. കേരളത്തിന്റെ തനത് കലാരൂപങ്ങളുടെ അവതരണം, സാംസ്കാരിക ചർച്ചകൾ, നിക്ഷേപക സംഗമം, ടൂറിസം സാധ്യതകളുടെ അവതരണം എന്നിവ പരിപാടിയുടെ ഭാഗമായി നടക്കും. രണ്ടാംഘട്ടത്തിൽ വിദേശ രാജ്യങ്ങളിലേക്കും പരിപാടി വ്യാപിപ്പിക്കും. ഫെസ്റ്റിവൽ കേരളം നടത്തിപ്പിനായി മുഖ്യമന്ത്രി ചെയർമാനും സാംസ്കാരിക വകുപ്പ് മന്ത്രി കൺവീനറുമായി മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.

ലോക കേരളസഭ പിരിച്ചുവിടാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചതായി മുഖ്യമന്ത്രി അറിയിച്ചു. മുൻ തീരുമാനങ്ങൾ നടപ്പാക്കാത്തതും ഉയർന്ന ചെലവും കണക്കിലെടുത്താണ് തീരുമാനം. പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രവാസി വരുമാനം നിക്ഷേപങ്ങളാക്കി മാറ്റുന്നതിനുമായി ബദൽ സംവിധാനം കൊണ്ടുവരും. പ്രവാസികളുടെ വരുമാനത്തെ 'റെമിറ്റൻസ് ഇക്കോണമി'യിൽ നിന്ന് 'ഇൻവെസ്റ്റ്മെന്റ് ഇക്കോണമി'യിലേക്ക് മാറ്റുന്നതിനുള്ള പദ്ധതികൾ പുതിയ സംവിധാനത്തിലൂടെ നടപ്പാക്കും. ഇതിനായി മുഖ്യമന്ത്രി ചെയർമാനായും വ്യവസായ, ആഭ്യന്തര, ആരോഗ്യ, ജലവിഭവ വകുപ്പ് മന്ത്രിമാർ അംഗങ്ങളായും പ്രത്യേക മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചതായും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്ത് റോഡപകടങ്ങളും അപകട മരണങ്ങളും വർധിച്ചുവരുന്ന സാഹചര്യത്തിൽ ശക്തമായ റോഡ് സുരക്ഷാ ക്യാമ്പയിൻ ആരംഭിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. ഗതാഗത വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചായിരിക്കും ക്യാമ്പയിൻ നടപ്പാക്കുക. വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കൊപ്പം കർശനമായ നിയമനടപടികളും ഒരേസമയം നടപ്പാക്കും. റോഡപകടങ്ങൾ കുറയ്ക്കുകയാണ് ക്യാമ്പയിന്റെ പ്രധാന ലക്ഷ്യം. റോഡപകടങ്ങളിൽ നിരവധി പേർ ഗുരുതരമായി പരിക്കേറ്റ് ജീവിതകാലം മുഴുവൻ ദുരിതം അനുഭവിക്കേണ്ടിവരുന്ന സാഹചര്യമുണ്ട്. നാടിന്റെ സുരക്ഷ മുൻനിർത്തിയുള്ള ഈ ക്യാമ്പയിനിൽ പൊതുജനങ്ങളുടെ പൂർണ സഹകരണവും പങ്കാളിത്തവും ഉണ്ടാകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

പരിസ്ഥിതി ലോല മേഖല സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായുള്ള റിപ്പോർട്ട് തയ്യാറാക്കിയതായി മുഖ്യമന്ത്രി അറിയിച്ചു. 98 വില്ലേജുകളിലായി 8590 ചതുരശ്ര കിലോമീറ്റർ പ്രദേശത്ത് മാത്രമായി ഇ എസ് എ പരിധി നിശ്ചയിക്കണമെന്നതാണ് കേരളത്തിന്റെ നിർദ്ദേശം. മുൻ സർക്കാർ സ്വീകരിച്ച നിലപാട് തന്നെയാണ് നിലവിലെ സർക്കാരും തുടരുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.



സൊസൈറ്റി ടുഡേ
SOCIETY TODAY




# കേരളത്തിൽ അഖിലേന്ത്യ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു: മന്ത്രി കെ.മുരളീധരൻ

**തിരുവനന്തപുരം:** ആയൂർവേദം കേരളത്തിന്റെ അഭിമാനമാണെന്നും എല്ലാവർക്കും ആരോഗ്യമെന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്നും ആരോഗ്യം ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ. കേരളത്തിൽ അഖിലേന്ത്യ ആയൂർവേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണെന്നും അനുയോജ്യമായ സ്ഥലം കണ്ടെത്തി നൽകുമെന്നും മന്ത്രി അറിയിച്ചു. 11ാമത് ആയൂർവേദ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കനകക്കുന്ന് പാലസ് ഹാളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആരോഗ്യ കേരളത്തിൽ ആയൂർവേദത്തിന് സുപ്രധാന പങ്കാണുള്ളത്. ചികിത്സയ്ക്കായി ആളുകളെ കേരളത്തിലേക്ക് ആകർഷിക്കുന്നതാണ് ഹെൽത്ത് ടൂറിസമെന്നും അതിന്റെ സാധ്യതകൾ കേരളം പ്രയോജനപ്പെടുത്തണമെന്നും മന്ത്രി വ്യക്തമാക്കി. ഏത് ചികിത്സ വേണമെന്ന് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം രോഗികൾക്കുണ്ടെന്നും പരസ്പരം അംഗീകരിച്ചുള്ള ചികിത്സാ രീതികൾ പ്രോത്സാഹിപ്പിക്കപ്പെടണമെന്നും അദ്ദേഹം പറഞ്ഞു. ആരോഗ്യമേഖലയുടെ ശാക്തീകരണത്തിന് കൂട്ടായ പരിശ്രമമാണ് വേണ്ടത്. പകർച്ചവ്യാധികളെ പ്രതിരോധിക്കാൻ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കേരള സർക്കാർ ആയുഷ് വകുപ്പ്, നാഷണൽ ആയുഷ് മിഷനുമായി സഹകരിച്ചാണ് ആയൂർവേദ ദിനാചരണം സംഘടിപ്പിക്കുന്നത്. ദിനാചരണത്തിന്റെ ഭാഗമായി വിവിധ വിഷയങ്ങളിൽ സെമിനാറുകൾ നടന്നു.'ആരോഗ്യകരമായ നാളേയ്ക്കായി ആയൂർവേദം' എന്ന ആശയം മുൻനിർത്തി, സമഗ്രമായ ആരോഗ്യ പരിചരണവും ഗവേഷണവും സാമൂഹികക്ഷേമവും പ്രോത്സാഹിപ്പിക്കുക എന്നതാണ് ദിനാചരണം കൊണ്ട് ലക്ഷ്യമാക്കുന്നത്.

തിരുവനന്തപുരം കോർപ്പറേഷൻ മേയർ വി. വി. രാജേഷ് മുഖ്യാതിഥിയായിരുന്നു. വാർഡ് കൗൺസിലർ കെ.ആർ. ക്ലീറ്റസ് അധ്യക്ഷനായിരുന്ന ചടങ്ങിൽ ഭാരതീയ ചികിത്സാ വകുപ്പ് ജോയിന്റ് ഡയറക്ടർ ഡോ. റോയി ജോസഫ്, ആയൂർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. ഇന്ദുകല പി. ആർ. ഐ എസ് എം സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ. മുഹ്സീന എച്ച്, ആയുർവേദം ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ ഡോ. ജയ. വി. ദേവ്, റീജിയണൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അസിസ്റ്റന്റ് ഡയറക്ടർ ഡോ. ശ്രീനിബാഷ് സാഹോ, മെഡിക്കൽ ഓഫീസർമാർ, ജീവനക്കാർ തുടങ്ങിയവരും പങ്കെടുത്തു.



# ബസ് വാങ്ങാൻ കെഎസ്ആർടിസിക്ക് പണം നൽകി വ്യവസായി

**തിരുവനന്തപുരം:** കെഎസ്ആർടിസിക്ക് ബസ് വാങ്ങുന്നതിനായി 40 ലക്ഷം രൂപ സംഭാവന നൽകി വ്യവസായി. അങ്കമാലി മൂക്കന്നൂർ സ്വദേശി ജോസ് ആണ് മുഖ്യമന്ത്രി വി ഡി സതീശന് 40 ലക്ഷം രൂപയുടെ ചെക്ക് കൈമാറിയത്. കെഎസ്ആർടിസിയുടെ ചരിത്രത്തിൽ ആദ്യത്തെ സംഭവമാണിതെന്നും കോർപറേഷനെ പിന്തുണയ്ക്കാൻ കൂടുതൽ പേർ മുന്നോട്ട് വരുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ, കെഎസ്ആർടിസി സിഎംഡി ഡോ. പ്രമോജ് ശങ്കർ എന്നിവർ പങ്കെടുത്തു.

ജോസിന്റെ ഉടമസ്ഥതയിലുള്ള ഹീമാൻ ഓട്ടോ റോബോ പാർക്ക് എന്ന കമ്പനിയുടെ പേരിലാണ് സംഭാവന. അങ്കമാലി ഡിപ്പോയിൽ നിന്നാണ് ബസ് സർവീസ് നടത്തുക. അതിരപ്പിള്ളി വിനോദസഞ്ചാര മേഖലയെ തെക്കൻ കേരളവുമായി ബന്ധിപ്പിക്കുന്ന രീതിയിൽ റൂട്ട് വേണമെന്നാണ് ജോസിന്റെ ആവശ്യം.

സർക്കാരിന്റെ നൂറുദിന കർമപദ്ധതിയുടെ ഭാഗമായി, പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായാണ് ബസുകൾ സ്പോൺസർ ചെയ്യാൻ കെഎസ്ആർടിസി അവസരമൊരുക്കുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കമ്പനികൾ, ട്രസ്റ്റുകൾ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്ക് പുറമെ കമ്പനികളുടെ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ചും ബസുകൾ നൽകാം.




# പോളിടെക്നിക്ക് കോളേജുകളിൽ ലഹരിക്കെതിരെ സ്റ്റാൻഡ് വിത്ത് തൂഫാൻ

**തിരുവനന്തപുരം:** പോളിടെക്നിക് കോളേജുകൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന സമഗ്ര ലഹരിവിരുദ്ധ പ്രവർത്തന പദ്ധതിയായ സ്റ്റാൻഡ് വിത്ത് തൂഫാന് തുടക്കമായി. നാഷണൽ സർവീസ് സ്കീം ടെക്നിക്കൽ സെല്ലിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നടത്തുന്ന പരിപാടി ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ എൻഎസ്എസ് വോളണ്ടിയർമാർക്ക് മന്ത്രി ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

പൊതുസമൂഹം ഒന്നടങ്കം സ്വമേധയാ ഏറ്റെടുത്തുവെന്നതാണ് ഓപ്പറേഷൻ തൂഫാന്റെ വിജയരഹസ്യമെന്ന് മന്ത്രി പറഞ്ഞു. സ്വന്തമായി ലക്ഷ്യങ്ങളും ഇഷ്ടങ്ങളും കാത്തുസൂക്ഷിക്കുന്ന യുവതലമുറ ലഹരിക്ക് അടിമപ്പെടില്ല. ലഹരിയുടെ വിപത്തിൽ നിന്ന് പുതുതലമുറയെ രക്ഷിക്കാനുള്ള ഉത്തരവാദിത്തം എൻഎസ്എസ് ഏറ്റെടുത്തതിൽ സന്തോഷമുണ്ടെന്നും മന്ത്രി പറഞ്ഞു.

പോളിടെക്നിക് കോളേജുകളെയും കോളേജുകളുടെ ഒന്നര കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങളെയും കേന്ദ്രീകരിച്ചാണ് 'സ്റ്റാൻഡ് വിത്ത് തൂഫാൻ' പദ്ധതിയുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. സമീപ പ്രദേശങ്ങളിലെ ഗ്രാമങ്ങളിലും ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. കൂടാതെ, കോളേജുകൾക്ക് സമീപമുള്ള പ്രൈമറി സ്കൂളുകളിലും വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കുമായി വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കും.

ലഹരിക്കെതിരായ പ്രവർത്തനങ്ങളിൽ എൻഎസ്എസ് വോളണ്ടിയർമാരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളിലെ എൻഎസ്എസ് യൂണിറ്റുകളിൽ 'തൂഫാൻ സെൽ' രൂപീകരിച്ചിട്ടുണ്ട്. വിദ്യാർഥികൾക്കിടയിലെ ലഹരിവിരുദ്ധ ബോധവത്കരണം, സമൂഹ കേന്ദ്രീകൃത ഇടപെടലുകൾ, വിവിധ സന്നദ്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് തൂഫാൻ സെൽ നേതൃത്വം നൽകും.

തിരുവനന്തപുരം പബ്ലിക് ലൈബ്രറി ഹാളിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഡോ. ജയപ്രകാശ് പി. അധ്യക്ഷനായി. സ്റ്റാൻഡ് വിത്ത് തൂഫാൻ സംസ്ഥാനതല മത്സരങ്ങളുടെ വിജയികൾക്കുള്ള സമ്മാനങ്ങൾ ചടങ്ങിൽ മന്ത്രി വിതരണം ചെയ്തു.

# ദേശീയ ആയുർവേദ ദിനാചരണം നിയമസഭാ സ്പീക്കർ ഉദ്ഘാടനം ചെയ്തു

**കോട്ടയം:** ഭാരതീയ ചികിത്സാവകുപ്പും നാഷണൽ ആയുഷ് മിഷനും സംയുക്തമായി സംഘടിപ്പിച്ച ദേശീയ ആയുർവേദ ദിനാചരണ പരിപാടികളുടെ ജില്ലാതല ഉദ്ഘാടനം നിയമസഭ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിച്ചു. കോട്ടയം ഐ.എം.എ. ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ജോഷി ഫിലിപ്പ് അധ്യക്ഷത വഹിച്ചു.

ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷൻ പി.കെ. വൈശാഖ്, നഗരസഭ അംഗങ്ങളായ അഡ്വ. ജോഫി മരിയ ജോൺ, ലീന ജയചന്ദ്രൻ, ഹോമിയോപ്പതി ഡി.എം.ഒ ഡോ മിനി, ആയുർവേദ ഡി.എം.ഒ. ഡോ. പി. ആർ. സജി, നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ സാം സാവിയോ, ഇ.എസ്.ഐ. മെഡിക്കൽ ഓഫീസർ ഡോ അരുൺ ജി. ദേവ്, നാഷണൽ ആയുഷ് മിഷൻ പ്രോഗ്രാം മാനേജർ ഡോക്ടർ ജ്യൂവൽ ജോസ്, ഡോ. വി. അരുൺകുമാർ, സംഘടനാ ഭാരവാഹികളായ ഡോ സീനിയ അനുരാഗ്, ഡോ ശ്രീജിത്, ഡോ രാമകൃഷ്ണൻ, ഡോ സുഷ ജോൺ, ജെ. ജ്യോതി, പി.ഡി. സെബാസ്റ്റ്യൻ പി.എസ്. ഷംല, സജി എബ്രഹാം എന്നിവർ പ്രസംഗിച്ചു.



# ഫ്ളു പ്രതിരോധ കുത്തിവെയ്പിന് തുടക്കം: സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ബിന്ദു കൃഷ്ണ നിർവഹിച്ചു

**തിരുവനന്തപുരം:** ശിശുക്ഷേമ സമിതിയുടെ കീഴിൽ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന ദത്തെടുക്കൽ - ശിശുപരിചരണ കേന്ദ്രങ്ങളിലെ കുട്ടികൾക്കും അവരെ പരിചരിക്കുന്ന ആയമാർക്കും രോഗപ്രതിരോധ ശേഷി വീണ്ടെടുക്കുന്നതിനായി നൽകുന്ന ഫ്ളു വാക്സിൻ കുത്തിവെയ്പിന്റെ സംസ്ഥാനതല ഉദ്ഘാടനം വനിതാ - ശിശുവികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ നിർവഹിച്ചു.

പുതിയ വൈറസുകളും ഫംഗസുകളും മെഡിക്കൽ രംഗത്ത് വലിയ വെല്ലുവിളികൾ സൃഷ്ടിക്കുകയാണെന്ന് മന്ത്രി പറഞ്ഞു. പ്രതിരോധ കുത്തിവെയ്പുകളെ അതിജീവിച്ച് രൂപമാറ്റം സംഭവിക്കുന്ന ഇത്തരം വൈറസുകൾക്കെതിരെ കുഞ്ഞുങ്ങൾക്കും അവരെ പരിപാലിക്കുന്ന ജീവനക്കാർക്കും സംരക്ഷണമൊരുക്കേണ്ടത് ആവശ്യമാണ്. ഇൻഫ്ളുവൻസ പനിക്ക് ശേഷം കുട്ടികളിൽ കണ്ടുവരുന്ന വിട്ടുമാറാത്ത ചുമ, കണ്ണിനുണ്ടാകുന്ന ഇൻഫെക്ഷൻ തുടങ്ങിയ തുടർ ആരോഗ്യപ്രശ്നങ്ങൾ തടയാൻ ഫ്ളൂ വാക്സിനേഷൻ സഹായിക്കും. സ്വകാര്യ ആശുപത്രികളിൽ 4,800 രൂപയോളം വിലവരുന്ന ഈ വാക്സിൻ, ജീവകാരുണ്യ പ്രവർത്തകരുടെയും ശിശുക്ഷേമ സമിതിയുടെയും ഫണ്ട് ഉപയോഗിച്ച് സൗജന്യമായാണ് നൽകുന്നത്. ഡോക്ടർമാരുടെ കൃത്യമായ നിർദേശത്തിലും മേൽനോട്ടത്തിലും ഘട്ടങ്ങളായാണ് വാക്സിൻ വിതരണം ചെയ്യുന്നതെന്നും മന്ത്രി വ്യക്തമാക്കി. എസ്.എ.ടി. ആശുപത്രിയുടെ നിർദേശപ്രകാരം ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. നവജാത ശിശുക്കൾക്കാണ് ആദ്യ ഘട്ടത്തിൽ പ്രതിരോധ കുത്തിവെയ്പ് നൽകുന്നത്. ശിശുക്ഷേമ സമിതിയുടെ ആസ്ഥാനത്ത് പുതുതായി നിർമിക്കുന്ന കെട്ടിടത്തിനു മുന്നിൽ കളിയിടം ഒരുക്കുന്നതിനായി ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് രണ്ടു ലക്ഷം രൂപ മന്ത്രിക്ക് കൈമാറി.

ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി അഡ്വ. ജി.എൽ. അരുൺ ഗോപി അധ്യക്ഷത വഹിച്ച ചടങ്ങിൽ ചെയർപേഴ്സൺ അഡ്വ. മോഹൻ രാജ്, സമിതി ട്രഷറർ കെ ജയപാൽ, എസ്എടി ആശുപത്രി സൂപ്രണ്ട് ഡോ. റിയാസ്, ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് സെക്രട്ടറി ഡോ. ശ്രീജിത്ത്, പ്രസിഡന്റ് ഡോ. ഗോപിക, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ കവിതാ റാണി രഞ്ജിത്ത് തുടങ്ങിയവർ സന്നിഹിതരായിരുന്നു.



# പാലാ സെൻറ് തോമസ് കോളജിനെ ഡ്രഗ് ഫ്രീ കാമ്പസായി പ്രഖ്യാപിച്ചു

**പാലാ:** സർക്കാരിന്റെ നൂറുദിന കർമപരിപാടിയോടു ചേർത്ത് എക്സൈസ് വകുപ്പ് നടത്തുന്ന മയങ്ങില്ല കേരളം പദ്ധതിയുടെ ഭാഗമായി പാലാ സെൻറ് തോമസ് ഓട്ടോണമസ് കോളജിനെ ഡ്രഗ് ഫ്രീ കാമ്പസായി പ്രഖ്യാപിച്ചു.

പ്രിൻസിപ്പൽ ഡോ. റ്റോജി തോമസിന്റെ അധ്യക്ഷതയിൽ കോളജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങ് എം ജെ സെബാസ്റ്റ്യൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. പാലാ കുടുംബക്കോടതി ജഡ്ജി പി. ജ്യോതിസ് ബെൻ കോളജിനെ ഡ്രഗ് ഫ്രീ കാമ്പസായി ഉയർത്തിക്കൊണ്ടുള്ള പ്രഖ്യാപനം നടത്തി.

ഡ്രഗ് ഫ്രീ കാമ്പസിൻറെ ബ്രാൻഡ് അംബാസഡറായി തെരഞ്ഞെടുക്കപ്പെട്ട എൻസിസി കേഡറ്റ് എംബി സിദ്ധാർഥ് ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

പാലാ താലൂക്ക് തഹസിൽദാർ സജിമോൻ മാത്യു, അസിസ്റ്റൻറ് എക്സൈസ് കമ്മീഷണറും വിമുക്തി പദ്ധതിയുടെ ജില്ലാ മാനേജരുമായ എം.കെ. പ്രസാദ്, വൈസ് പ്രിൻസിപ്പൽ ഡോ. സാൽവിൻ തോമസ് കാപ്പിലിപ്പറമ്പിൽ, പാലാ മുനിസിപ്പൽ കൗൺസിലർ പ്രിൻസി സണ്ണി, ആൻറിനർക്കോട്ടിക് ക്ലബ് കോഓർഡിനേറ്റർ ഡോ. ജസ്റ്റിൻ ജോസ്, അസിസ്റ്റൻറ് എക്സൈസ് ഇൻസ്പെക്ടർ ജെക്സി ജോർജ് എന്നിവർ പ്രസംഗിച്ചു.

# പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടുള്ളതാകണം യഥാർഥ വികസനം: മന്ത്രി

**കൊല്ലം:** പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടുള്ള വികസനമാണ് യഥാർത്ഥ വികസനമെന്നും 'സുസ്ഥിര കൊല്ലം' പദ്ധതിയിൽ അതാണ് സാധ്യമാക്കുന്നതെന്നും മന്ത്രി ബിന്ദു കൃഷ്ണ. കൊല്ലം മണ്ഡലത്തിന്റെ സുസ്ഥിരവികസനം ലക്ഷ്യമിട്ട് മന്ത്രിയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന സംയോജിത ജനകീയ വികസന പദ്ധതി സുസ്ഥിര കൊല്ലം ആശ്രാമം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പദ്ധതിയുടെ ലോഗോ പ്രകാശനവും കൊല്ലം തണ്ണീർത്തട അറ്റ്ലസ് പ്രകാശനവും മന്ത്രി ചടങ്ങിൽ നിർവഹിച്ചു. സുസ്ഥിര കൊല്ലം വെറുമൊരു പദ്ധതിയല്ല. ഭാവിയെ കുറിച്ചുള്ള സമഗ്ര വികസന കാഴ്ചപ്പാടാണ്. ഇത് കൊല്ലത്തെ സ്നേഹിക്കുന്ന എല്ലാവരുടെയും പദ്ധതിയാണ്. മണ്ണ്, ജലം, തണ്ണീർത്തടങ്ങൾ, ഹരിതമേഖലകൾ, പൊതുവിടങ്ങൾ എന്നിവ കൃത്യമായി വേർതിരിച്ച് വിശദമായ പദ്ധതി രേഖ തയാറാക്കുമെന്നും മന്ത്രി പറഞ്ഞു.

ഭൂവിനിയോഗ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന സുസ്ഥിര കൊല്ലം പദ്ധതി പ്രധാനമായും എട്ട് ഉപപദ്ധതികളിലൂടെയാണ് നടപ്പാക്കുന്നത്. ജലസംരക്ഷണവും ഭൂഗർഭജല വിതാനം ഉയർത്തലും ലക്ഷ്യമിടുന്ന 'വാട്ടർ പോസിറ്റീവ് കൊല്ലം', ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കുന്ന 'സീറോ വേസ്റ്റ് കൊല്ലം', പൊതുമന്ദിരങ്ങളെയും തെരുവുകളെയും ഹരിതോർജത്തിലേക്ക് മാറ്റുന്ന 'ഊർജ കൊല്ലം', കാർഷിക വികസനവും നഗര ഹരിതവത്കരണവും സമന്വയിപ്പിക്കുന്ന 'ബ്ലൂ ഗ്രീൻ കൊല്ലം' എന്നിവയാണ് പ്രധാന പാരിസ്ഥിതിക ഇടപെടലുകൾ.

ഇതിനുപുറമെ ജനങ്ങളുടെ ശാരീരികമാനസിക ആരോഗ്യത്തിനായി സുസ്ഥിര തെരുവുകളും പാർക്കുകളും ഒരുക്കുന്ന 'ആരോഗ്യ കൊല്ലം', പരിസ്ഥിതി സൗഹൃദ സംരംഭങ്ങളിലൂടെ വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്ന 'ഗ്രീൻ ലൈവ്ലിഹുഡ്', സംരംഭകത്വത്തിലൂടെയും അടിസ്ഥാന സൗകര്യവി



കസനത്തിലൂടെയും സ്ത്രീ ശാക്തീകരണം ഉറപ്പാക്കുന്ന 'വനിതാ സൗഹൃദ കൊല്ലം' എന്നീ സാമൂഹിക സാമ്പത്തിക വികസന പദ്ധതികളും ഉൾപ്പെടുന്നു. കൊല്ലം പോർട്ട് വികസനവും സുപ്രധാന ഉപപദ്ധതിയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

തദ്ദേശ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവരെ ഫലപ്രദമായി ഏകോപിപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പാക്കുന്നത്. മണ്ഡലത്തിൽ ജി ഐ എസ് സാങ്കേതികവിദ്യയുടെ സഹായത്തോടെ വിഭവ സർവെ നടത്തി ഭൂവിനിയോഗ വകുപ്പ് വിശദമായ പദ്ധതിരേഖ തയാറാക്കും.

വിവിധ വകുപ്പ് മേധാവികളും ജനപ്രതിനിധികളും ഒരുമിച്ചിരുന്ന് തീരുമാനങ്ങൾ എടുക്കുന്നതിലൂടെ വികസനകാര്യങ്ങളിൽ ഉയർന്നുവരുന്ന പ്രതിസന്ധികൾക്ക് വേഗത്തിൽ പരിഹാരം കാണാൻ സാധിക്കുമെന്ന് ചടങ്ങിൽ അധ്യക്ഷനായ മേയർ എ. കെ. ഹഫീസ് പറഞ്ഞു. ജില്ലയുടെ മുഖച്ഛായ മാറ്റുന്ന പദ്ധതിയാണിതെന്നും വിജയകരമായ നടത്തിപ്പിന് വിവിധ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം ആവശ്യമാണെന്നും ജില്ലാ കളക്ടർ ആനി ജൂല തോമസ് പറഞ്ഞു.

ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ആർ. ലതാദേവി, തൃക്കരുവ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് റോസമ്മ മാർഷൽ, പനയം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് വിനിത വിജയൻ, കൗൺസിലർ കുരുവിള ജോസഫ്, ലാൻഡ് യൂസ് കമ്മിഷണർ യാസ്മിൻ എൽ. റഷീദ്, ജില്ലാ പ്ലാനിംഗ് ഓഫിസർ ജി. ഉല്ലാസ്, തദ്ദേശ വകുപ്പ് ജോയിൻറ് ഡയറക്ടർ എസ്. സുബോധ്, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

ടെക്നിക്കൽ സെഷനിൽ യാസ്മിൻ എൽ. റഷീദ് സുസ്ഥിരകൊല്ലം പദ്ധതി അവതരണവും ഭൂവിനിയോഗ വകുപ്പ് അസിസ്റ്റൻറ് ഡയറക്ടർ എസ്.സിമി കൊല്ലം തണ്ണീർത്തട അറ്റ്ലസ് പരിചയപ്പെടുത്തലും നിർവഹിച്ചു. തുടർന്ന് ഗ്രൂപ്പ് ചർച്ചയും ഭാവി കർമപദ്ധതി അവതരണവും നടന്നു.

## അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റലിൽ പ്രത്യേക സർജിക്കൽ ക്യാമ്പയിൻ

**കൊച്ചി:** അങ്കമാലി അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ പ്രത്യേക സർജിക്കൽ ക്യാമ്പയിന് തുടക്കമായി. ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന രോഗികൾക്ക് മികച്ച ചികിത്സാസൗകര്യങ്ങളും ഇളവുകളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പ്രോഗ്രാം സംഘടിപ്പിച്ചിരിക്കുന്നത്.

സൗജന്യ രജിസ്ട്രേഷൻ, കൺസൾട്ടേഷനിൽ 50% ഇളവ്, ശസ്ത്രക്രിയയ്ക്ക് മുമ്പുള്ള പരിശോധനകൾക്ക് 30% ഇളവ്, റോബോട്ടിക് സർജറികൾ ഉൾപ്പെടെയുള്ള ശസ്ത്രക്രിയകൾക്ക് 15% ഇളവും ലഭിക്കും. കൂടാതെ മെഡിസെപ്, ഇ.എം.ഐ, ഇൻഷുറൻസ് സേവനങ്ങളും ലഭ്യമാണ്.

കാർഡിയോളജി, കാർഡിയാക് സർജറി, ഗ്യാസ്ട്രോ എൻട്രോളജി, ഗ്യാസ്ട്രോ സർജറി, ഓർത്തോപീഡിക്സ്, ഗൈനക്കോളജി, യൂറോളജി, ന്യൂറോളജി, ന്യൂറോ സർജറി, തൈറോയ്ഡ് സർജറി, പ്ലാസ്റ്റിക് സർജറി, ഇ.എൻ.ടി. സർജറി, എൻഡോക്രൈൻ സർജറി, ഓങ്കോ സർജറികൾ എന്നീ വിഭാഗങ്ങളിലെ ശസ്ത്രക്രിയകൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക.

പൊതുജനങ്ങൾക്ക് ആശ്വാസകരമായ ഈ സർജിക്കൽ ക്യാമ്പയിൻ വഴി വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനവും അത്യാധുനിക ശസ്ത്രക്രിയ സാങ്കേതികവിദ്യകളും കുറഞ്ഞ ചെലവിൽ പ്രയോജനപ്പെടുത്താവുന്നതാണ്. ആനുകൂല്യങ്ങൾക്ക് നിബന്ധനകൾ ബാധകമായിരിക്കും.

കൂടുതൽ വിവരങ്ങൾക്കായി 9995043800/ 8137974649 എന്ന നമ്പറിൽ ബന്ധപ്പെടുക.

## എച്ച്എംടി പുനരുദ്ധാരണം വേഗത്തിലാക്കുമെന്ന് കേന്ദ്രമന്ത്രി

**കളമശേരി:** പൊതുമേഖലാ സ്ഥാപനമായ എച്ച്എംടിയുടെ പുനരുദ്ധാരണം വേഗത്തിൽ യാഥാർഥ്യമാക്കുമെന്ന് കേന്ദ്ര വ്യവസായ മന്ത്രി എച്ച്.ഡി. കുമാരസ്വാമി. വിഷയം കേന്ദ്ര ധനമന്ത്രാലയത്തിന്റെ പരിഗണനയിലാണ്. രാജ്യസഭാ എംപി സദാനന്ദനുമായി ഡൽഹിയിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് കേന്ദ്രമന്ത്രി ഇക്കാര്യം അറിയിച്ചത്.

എച്ച്എംടി കളമശേരി യൂണിറ്റിലെ ബിഎംഎസ് യൂണിയൻ വർക്കിംഗ് പ്രസിഡന്റ് ടി.ജി. ശ്രീജേഷ് , ജനറൽ സെക്രട്ടറി പി.എസ്. ഷനിൽ, ട്രഷറർ എൻ.എൻ. ജയകുമാർ, വൈസ് പ്രസിഡന്റ് കെ.ആർ. ഡിജുമോൻ എന്നിവർ കഴിഞ്ഞയാഴ്ച എംപിയെ കണ്ട് പുനരുദ്ധാരണത്തിന് കേന്ദ്ര ഇടപെടൽ ആവശ്യപ്പെട്ട് നിവേദനം സമർപ്പിച്ചിരുന്നു.

രാജ്യത്തിന്റെ വ്യാവസായിക വികസനത്തിൽ സുപ്രധാന പങ്കുവഹിച്ച എച്ച്എംടിയെ സംരക്ഷിക്കുമെന്നും, സാമ്പത്തിക അനുമതിക്കായി ഫയൽ ധനമന്ത്രാലയത്തിന്റെ പരിഗണനയിലാണെന്നും എച്ച്എംടിയുടെ പുനരുദ്ധാരണം എത്രയും വേഗത്തിൽ നടപ്പിലാക്കുമെന്നും കേന്ദ്രമന്ത്രി ഉറപ്പ് നൽകി.



# കാലാവസ്ഥ മാറുന്നു; നെല്ലിനു ചാഴിയും ഇലപ്പേനും രൂക്ഷം

**തൃശൂർ:** സംസ്ഥാനത്തു നിലനിൽക്കുന്ന പ്രതികൂല കാലാവസ്ഥയും മഴയും കാരണം നെൽകൃഷിയിലും പച്ചക്കറികൃഷിയിലും കീടരോഗബാധ രൂക്ഷം. കതിരുവരുന്ന ഘട്ടത്തിലും പാലുറയ്ക്കുന്ന സമയത്തും നെല്ലിനെ പ്രധാനമായും ബാധിക്കുന്ന ചാഴിയുടെയും ഇലപ്പേനിന്റെയും ശല്യം വ്യാപകമായതോടെ കർഷകർ ആശങ്കയിലാണ്. സ്ഥിതിഗതികൾ കണക്കിലെടുത്ത് കർഷകർക്കായി കേരള കാർഷിക സർവകലാശാല സംസ്ഥാനതലത്തിൽ പ്രത്യേക ജാഗ്രതാനിർദേശവും അടിയന്തര പ്രതിരോധമാർഗങ്ങളും പുറപ്പെടുവിച്ചു.

നെല്ല് പാലുറയ്ക്കുന്ന ഘട്ടത്തിൽ ആക്രമിക്കുന്ന ചാഴികൾ മണികളിലെ നീരും പാലും തുളച്ചുകുടിക്കുന്നതാണു നിലവിലെ പ്രധാന ഭീഷണി. നീര് നഷ്ടപ്പെടുന്നതോടെ നെൽമണികൾ പൂർണമായും പതിരായിമാറുകയും കതിരുകൾ ഭാരമില്ലാതെ നിവർന്നുനിൽക്കുകയും ചെയ്യും. കീടാക്രമണമേറ്റ നെല്ലിന്റെ തൊണ്ടിൽ തവിട്ടുനിറത്തിൽ പാടുകൾ കാണാം.

ഇവയെ നിയന്ത്രിക്കാൻ ഒരു ലിറ്റർ വെള്ളത്തിൽ 20 മില്ലി മത്തിശർക്കര മിശ്രിതമോ, 20 ഗ്രാം കൈറ്റിൻ അധിഷ്ഠിത സ്യൂഡോമോണസോ കലക്കി തളിക്കണമെന്ന് കമ്യൂണിക്കേഷൻ സെന്റർ വ്യക്തമാക്കുന്നു. ആക്രമണം രൂക്ഷമാണെങ്കിൽ ഒരു ലിറ്റർ വെള്ളത്തിൽ 10 മില്ലി അസാഡിറാക്റ്റിൻ അല്ലെങ്കിൽ രണ്ടു മില്ലി മാലത്തിയോൺ ഉപയോഗിക്കാം.

ഇളം ഇലകളിൽനിന്നു നീരൂറ്റിക്കുടിക്കുന്ന ഇലപ്പേൻ കാരണം ഇലകളിൽ മഞ്ഞയോ വെള്ളിനിറത്തിലോ ഉള്ള വരകൾ പ്രത്യക്ഷപ്പെടുകയും ഇലയുടെ അഗ്രഭാഗം സൂചി പോലെ ചുരുളുകയും ചെയ്യുന്നു. തയാമീതോകാം 25 ഡബ്ല്യുജി (രണ്ടു ഗ്രാം/10 ലിറ്റർ വെള്ളത്തിൽ) തളിച്ചാണ് ഇതിനെ പ്രതിരോധിക്കേണ്ടത്. കൂടാതെ ഓലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ എന്നിവയ്ക്കെതിരേ ട്രൈക്കോഗ്രമ കാർഡുകൾ വയലുകളിൽ സ്ഥാപിക്കാനും നിർദേശമുണ്ട്.

പുഴുക്കൾ തണ്ടിലും കായ്കളിലും തുരന്നുകയറി ചെടിയെ നശിപ്പിക്കുന്നു. തണ്ടുകൾ വാടി ഉണങ്ങുന്നതും കായ്കളിലെ ദ്വാരങ്ങളിലൂടെ വിസർജ്യം പുറത്തുവരുന്നതുമാണു പ്രധാന ലക്ഷണങ്ങൾ.

പ്രതിരോധമാർഗം: അഞ്ചു ശതമാനം വീര്യമുള്ള വേപ്പിൻകുരു സത്ത് 10 ദിവസം ഇടവിട്ടു തളിക്കുക.

ഒരു ലിറ്റർ വെള്ളത്തിൽ ഒരു ഗ്രാം ബാസിലസ് തുറിഞ്ചിയൻസിസ്, ശർക്കര ചേർത്ത് തളിക്കുക.

രോഗബാധ തുടക്കത്തിൽ തന്നെ കണ്ടുപിടിച്ചു പ്രതിരോധിക്കണമെന്നും രോഗം പടരുന്നതു തടയാൻ അയൽക്കാരായ കർഷകർ ഒന്നിച്ചുചേർന്നു കൂട്ടായ കീടനിയന്ത്രണപ്രവർത്തനങ്ങൾ നടപ്പാക്കണമെന്നും കാർഷിക സർവകലാശാല അറിയിച്ചു.

# കൊച്ചിയിൽനിന്ന് ബാങ്കോക്കിലേക്ക് പുതിയ വിമാന സർവീസ്

**കൊച്ചി:** കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽനിന്ന് ബാങ്കോക്കിലേക്ക് ആഴ്ചയിൽ നാല് സർവീസുകൾ കൂടി ഉൾപ്പെടുത്തി സിയാൽ ശീതകാല സമയക്രമം. ഒക്ടോബർ 26 മുതൽ 2027 മാർച്ച് 28 വരെയുള്ള ശീതകാല സമയക്രമത്തിലാണ് തെക്കുകിഴക്കൻ ഏഷ്യയിലേക്കുള്ള കണക്ടിവിറ്റി കൂടുതൽ ശക്തമാക്കുന്ന പുതിയ സർവീസുകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. എയർ ഇന്ത്യ എക്സ്പ്രസാണ് ബാങ്കോക്കിലേയ്ക്ക് സർവീസ് നടത്തുന്നത്. നിലവിലുള്ള സർവീസുകൾക്ക് പുറമേ നാല് പ്രതിവാര സർവീസുകൾ കൂടി വരുന്നതോടെ ബാങ്കോക്കിലേക്കുള്ള യാത്രാ സൗകര്യം കൂടുതൽ വിപുലമാകും.

ഗൾഫ് മേഖലയിലേക്കും ആഭ്യന്തര മേഖലയിലേക്കും കൂടുതൽ സർവീസുകൾ പട്ടികയിലുണ്ട്. ഇൻഡിഗോ ഫുജൈറയിലേക്ക് ദിവസേന സർവീസ് നടത്തും. ആകാശ എയർ ദുബായ്, ദമ്മാം, കുവൈത്ത് എന്നിവിടങ്ങളിലേക്കും ദിവസേന സർവീസുകൾ നടത്തും. ആഭ്യന്തര മേഖലയിൽ കൊൽക്കത്തയിലേക്കും തിരുവനന്തപുരത്തേക്കും ഇൻഡിഗോ ദിവസേന സർവീസ് നടത്തും. ഇതോടെ പ്രധാന ഗൾഫ് കേന്ദ്രങ്ങളിലേക്കും രാജ്യത്തെ പ്രധാന നഗരങ്ങളിലേക്കുമുള്ള കണക്ടിവിറ്റി കൂടുതൽ ശക്തമാകും.

2026 വേനൽകാല ഷെഡ്യൂളിൽ ആഴ്ചയിൽ 1,544 സർവീസുകളാണ് ഉണ്ടായിരുന്നത്. വിന്റർ ഷെഡ്യൂളിൽ ഇത് 1,766 ആയി ഉയരുന്നു. 14.4 ശതമാനമാണ് വർധന. ആഭ്യന്തര, രാജ്യാന്തര സർവീസുകളിൽ ഏതാണ്ട് സമാനമായ വളർച്ചയാണ് ഉണ്ടായത്. ശീതകാല സമയക്രമം പ്രകാരം സിയാലിൽ ആകെ ആഴ്ചയിൽ 1,766 വിമാന സർവീസുകളാണുള്ളത്. ഇതിൽ 881 സർവീസുകൾ കൊച്ചിയിൽനിന്ന് പുറപ്പെടുന്നതും 885 സർവീസുകൾ കൊച്ചിയിലേക്കെത്തുന്നതുമാണ്. 28 വിമാനക്കമ്പനികളാണ് സിയാലിൽനിന്ന് സർവീസ് നടത്തുന്നത്. ആകെ 32 വിമാനത്താവളങ്ങളിലേക്കാണ് സർവീസുകൾ. ഇതിൽ 13 ആഭ്യന്തര വിമാനത്താവളങ്ങളും




19 രാജ്യാന്തര വിമാനത്താവളങ്ങളുമുണ്ട്. പ്രതിദിനം ശരാശരി 252 വിമാന നീക്കങ്ങളാണ് ഷെഡ്യൂൾ ചെയ്തിരിക്കുന്നത്.

ബാങ്കോക്ക് സുവർണഭൂമി എയർപോർട്ടിലേക്കുള്ള നാല് പ്രതിവാര സർവീസുകൾ സിയാലിന്റെ തെക്കുകിഴക്കൻ ഏഷ്യൻ കണക്ടിവിറ്റിക്ക് കൂടുതൽ കരുത്തേകും. നിലവിൽ ബാങ്കോക്ക്ഡോൺ മുവാങ്, ക്വാലാലംപൂർ, സിംഗപ്പൂർ, മാലി, കൊളംബോ എന്നിവിടങ്ങളിലേക്കും സിയാലിൽനിന്ന് സർവീസുകളുണ്ട്. തെക്കൻ, തെക്കുകിഴക്കൻ ഏഷ്യയിലെ ആറ് വിമാനത്താവളങ്ങളിൽനിന്നായി ആഴ്ചയിൽ 93 സർവീസുകളാണ് നിലവിലുള്ളത്. പുതിയ സുവർണഭൂമി സർവീസ് കൂടി വരുന്നതോടെ ബാങ്കോക്കിലെ രണ്ട് പ്രധാന വിമാനത്താവളങ്ങളിലേക്കും കൊച്ചിയിൽനിന്ന് കണക്ടിവിറ്റി ലഭിക്കും. ഇതോടെ തായ്‌ലാൻഡിലേക്കും ഫാർ ഈസ്റ്റിലെ മറ്റ് കേന്ദ്രങ്ങളിലേക്കുമുള്ള യാത്രാ സൗകര്യങ്ങൾ കൂടുതൽ വിപുലമാകും.

ശീതകാല സമയക്രമത്തിൽ ഗൾഫ് മേഖലയിലെ 13 വിമാനത്താവളങ്ങളിലേക്കും സിയാലിൽനിന്ന് സർവീസുകളുണ്ടാകും. അബുദാബി, ദുബായ്, ദോഹ, കുവൈത്ത്, റിയാദ്, മസ്കത്ത്, ഷാർജ, ജിദ്ദ, ബഹ്റൈൻ, ദമ്മാം, ഫുജൈറ, റാസൽഖൈമ, സലാല എന്നിവയാണ് ഗൾഫ് ശൃംഖലയിലെ വിമാനത്താവളങ്ങൾ. ഈ മേഖലയിൽ ആഴ്ചയിൽ 327 അറൈവലുകളാണുള്ളത് . പുതിയ സർവീസുകളുടെ ഭാഗമായി ഫുജൈറ, ദുബായ്, ദമ്മാം, കുവൈത്ത് എന്നിവിടങ്ങളിലേക്കുള്ള ദിവസേനയുള്ള സർവീസുകളും ഗൾഫ് കണക്ടിവിറ്റിക്ക് കൂടുതൽ കരുത്തേകും.

ആഭ്യന്തര മേഖലയിൽ 13 വിമാനത്താവളങ്ങളിലേക്കായി ആഴ്ചയിൽ 465 അറൈവലുകളാണുള്ളത്. ബെംഗളൂരു, മുംബൈ, ഡൽഹി, ഹൈദരാബാദ്, ചെന്നൈ എന്നിവയാണ് സർവീസ് ആവൃത്തിയിൽ മുന്നിലുള്ള പ്രധാന നഗരങ്ങൾ. ആഭ്യന്തര സർവീസ് കണക്കിൽ ബെംഗളൂരുവാണ് ഏറ്റവും മുന്നിൽ. അന്താരാഷ്ട്ര സർവീസുകളുടെ പട്ടികയിൽ അബുദാബിയും. 638 പ്രതിവാര വിമാന സർവീസുകളുമായി പട്ടികയിൽ ഒന്നാമത് ഇൻഡിഗോയാണ്.




# 5.61 കോടി രൂപ ലാഭം നേടി മലങ്കര ക്രെഡിറ്റ് സൊസൈറ്റി

**തൃശൂർ:** മലങ്കര ക്രെഡിറ്റ് സൊസൈറ്റിക്കു കഴിഞ്ഞ സാന്പത്തികവർഷം 5.61 കോടി രൂപ ലാഭം. സൊസെറ്റി മെംബർമാർക്ക് രണ്ടു ശതമാനം ലാഭവിഹിതം പ്രഖ്യാപിച്ചു. സൊസൈറ്റിയുടെ പതിനെട്ടാമതു വാർഷിക പൊതുയോഗം ചെയർമാൻ സി.ബി. ജിസോയുടെ അധ്യക്ഷതയിൽ മംഗളോദയം ബിൽഡിംഗിലെ ഐക്യു അക്കാദമിയിൽ നടന്നു.

സൊസൈറ്റി അംഗത്വം 31 ശതമാനം വർധിച്ച് 1,12,648 ആയി. ബോബി ചെമ്മണ്ണൂർ ഇൻറർനാഷണൽ ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ബോബി ചെമ്മണ്ണൂർ പ്രമോട്ടറായിട്ടുള്ള മലങ്കര ക്രെഡിറ്റ് സൊസൈറ്റിക്ക് 20252026 സാമ്പത്തികവർഷത്തിൽ ബിസിനസ് ടേൺ ഓവർ 31.4 ശതമാനം വളർന്ന് 1176.32 കോടി രൂപയായി വർധിച്ചു.അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 25,000 കോടിയുടെ ബിസിനസും സഹകരണമേഖലയിലെ രാജ്യത്തെ ഏറ്റവും വലിയ പ്രസ്ഥാനവുമായി മാറ്റുക എന്നതാണു ലക്ഷ്യമെന്ന് സൊസൈറ്റി ചെയർമാൻ സി.ബി. ജിസോ അറിയിച്ചു. സിഇഒ ശിവപ്രകാശ്, റിട്ട. കമാൻഡറും ഡയറക്ടറുമായ തോമസ് കോശി, വൈസ് ചെയർമാൻ മറിയാമ്മ പീയൂസ് എന്നിവർ പ്രസംഗിച്ചു. ഡയറക്ടർ ബോർഡ് അംഗങ്ങളും വിവിധ ജില്ലകളിൽനിന്നുള്ള മെംബർമാരും പങ്കെടുത്തു.

# ഡ്രീമിന്റെ പുതിയ റോബോട്ട് വാക്വം ക്ലീനർ ഇന്ത്യയിൽ

**കൊച്ചി:** ഡ്രീം ടെക്നോളജി ഇന്ത്യയിൽ പുതിയ ഫ്ലാഗ്ഷിപ്പ് റോബോട്ട് വാക്വം ക്ലീനറായ ഡ്രീം ത60 അൾട്രാ കംപ്ലീറ്റ് അവതരിപ്പിച്ചു. 7.95 സെന്റിമീറ്റർ മാത്രം ഉയരമുള്ള ഇത് കമ്പനിയുടെ ഏറ്റവും കനം കുറഞ്ഞ റോബോട്ട് വാക്വം ക്ലീനറാണ്. കിടക്ക, സോഫ, കാബിനറ്റ് എന്നിവയ്ക്ക് അടിയിലുള്ള ഇടുങ്ങിയ ഭാഗങ്ങളിലും വൃത്തിയാക്കാൻ കഴിയും. 280ലധികം വസ്തുക്കൾ തിരിച്ചറിഞ്ഞ് ഒഴിവാക്കാൻ ബൈനോക്കുലർ എഐ ക്യാമറകൾ സഹായിക്കും. 4.2 സെന്റിമീറ്റർ വരെയുള്ള ഒറ്റത്തട്ടുകളും 8 സെന്റിമീറ്റർ വരെയുള്ള ഇരട്ടത്തട്ടുകളും മറികടക്കാൻ ഫ്ലെക്സിഅഡാപ്റ്റ് സാങ്കേതികവിദ്യയുണ്ട്.




ഡ്യുവൽ ഫ്ലെക്സ് ആം ടെക്നോളജി ഉപയോഗിച്ച് കോണുകളിലും എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള ഭാഗങ്ങളിലും വൃത്തിയാക്കാം. 1,34,999 രൂപയാണ് വില. സെപ്റ്റംബർ 22 മുതൽ ഡ്രീം ഇന്ത്യ വെബ്സൈറ്റിലും സെപ്റ്റംബർ 27 മുതൽ ആമസോൺ ഇന്ത്യയിലും ലഭ്യമാകും.

# ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫിന് 99.31 ശതമാനം ക്ലെയിം സെറ്റിൽമെന്റ് നിരക്ക്

**കൊച്ചി:** നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ 99.31 ശതമാനം ക്ലെയിം സെറ്റിൽമെന്റ് നിരക്ക് കൈവരിച്ച് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് രാജ്യത്തെ മുൻനിര കമ്പനികളിൽ ഒന്നാമതെത്തി. ഈ കാലയളവിൽ 414.08 കോടി രൂപയുടെ മരണാനന്തര വ്യക്തിഗത ക്ലെയിമുകളാണ് കമ്പനി തീർപ്പാക്കിയത്. തീർപ്പാക്കിയ ഓരോ ക്ലെയിമിന്റെയും ശരാശരി മൂല്യം ഏകദേശം 15 ലക്ഷം രൂപയാണ്; മുൻനിര ലൈഫ് ഇൻഷുറൻസ് കമ്പനികളിലെ ഏറ്റവും ഉയർന്ന ശരാശരി നിരക്കാണിത്.

അന്വേഷണം ആവശ്യമില്ലാത്ത ക്ലെയിമുകളിൽ അവസാന രേഖ ലഭിച്ച് ഒരു ദിവസത്തിനകം തുക ലഭ്യമാക്കാൻ കമ്പനിക്ക് സാധിച്ചതായി അണ്ടർറൈറ്റിംഗ് ആൻഡ് റീട്ടെയിൽ ക്ലെയിംസ് ചീഫ് സാരംഗ് ഗോഖലെ വ്യക്തമാക്കി. 'ക്ലെയിം ഫോർ ഷുവർ' പദ്ധതി വഴി 75 കോടി രൂപയുടെ ക്ലെയിമുകൾ ഇത്തരത്തിൽ ഒറ്റ ദിവസം കൊണ്ട് നൽകി. മൊബൈൽ ആപ്പ്, വാട്ട്സ്ആപ്പ്, വെബ്സൈറ്റ് തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങളിലൂടെ ക്ലെയിം നടപടികൾ കൂടുതൽ വേഗത്തിലും ലളിതവുമാക്കാൻ കമ്പനി സൗകര്യമൊരുക്കിയിട്ടുണ്ട്.

# ജോളി സിൽക്സ് ഹാപ്പി ജോളി ഓണം വിജയികൾക്ക് സമ്മാനങ്ങൾ നൽകി

**തിരുവല്ല:** ഓണാഘോഷത്തോടനുബന്ധിച്ച് തിരുവല്ല ജോളി സിൽക്സ് നടത്തിയ ഹാപ്പി ജോളി ഓണം ഓഫറിലെ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ഓഗസ്റ്റ് മൂന്നു മുതൽ 30 വരെ നടത്തിയ ഓഫറിൽ വിജയികളായവർക്കാണ് സമ്മാനങ്ങൾ നൽകിയത്.പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ഈപ്പൻ കുര്യൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു. സംവിധായകൻ കവിയൂർ ശിവപ്രസാദ്, ജോയ്ആലുക്കാസ് മാൾ മാനേജർ ഷെൽട്ടൻ വി. റാഫേൽ, ജോളി സിൽക്സ് മാനേജർ ജെൻസൻ ജോർജ്, ജോയ്ആലുക്കാസ് ജ്വല്ലറി മാനേജർ സിജോ ജോസഫ്, മറ്റു വിശിഷ്ടാതിഥികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.ഓണത്തോടനുബന്ധിച്ച് കോട്ടയം ജോളി സിൽക്സ് നടത്തിയ ലക്കി ഡ്രോയിലെ വിജയികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. ഓഗസ്റ്റ് മൂന്നു മുതൽ 30 വരെ നടത്തിയ ഓഫറിൽ വിജയികളായവർക്കാണ് കോട്ടയം നഗരസഭ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ബിൻസി സെബാസ്റ്റ്യൻ സമ്മാനങ്ങൾ നൽകിയത്. ജോളി സിൽക്സ് റീജണൽ മാനേജർ എം.ജെ. മഹേഷ്, കോട്ടയം മാൾ മാനേജർ റോബിൻ, മറ്റ് വിശിഷ്ടാതിഥികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# ആസ്റ്റർ മെഡ്സിറ്റിയുടെ 'സ്പന്ദനം' മൊബൈൽ മെഡിക്കൽ യൂണിറ്റ് പാലക്കാട്ട് പ്രയാണം ആരംഭിച്ചു

**പാലക്കാട്:** ലോക ഹൃദയദിനത്തോടനുബന്ധിച്ച് ആസ്റ്റർ മെഡ്സിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'സ്പന്ദനം' മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ഉദ്ഘാടനം പാലക്കാട് സ്റ്റേഡിയം ബസ് സ്റ്റാൻഡിൽ വടകര എംപി ഷാഫി പറമ്പിൽ നിർവ്വഹിച്ചു. ലോക ഹൃദയദിനത്തോടനുബന്ധിച്ച് ആസ്റ്റർ ഡി.എം ക്വാളിറ്റി കെയറിന്റെ 40,000 സൗജന്യ ഇ.സി.ജി സ്ക്രീനിംഗ് പദ്ധതിയുടെ ഭാഗമായി ആസ്റ്റർ മെഡ്സിറ്റി നടപ്പിലാക്കുന്ന 'സ്പന്ദന'ത്തിലൂടെ 2,500ഓളം സൗജന്യ ഇ.സി.ജി സ്ക്രീനിംഗും ഡോക്ടർ കൺസൾട്ടേഷനും ബി.പി, ബ്ലഡ് ഷുഗർ പരിശോധനകളും ഈ മൊബൈൽ യൂണിറ്റ് വഴി അഞ്ച് ജില്ലകളിലായി പൂർത്തിയാക്കും. പാലക്കാട്ടെ ആദ്യഘട്ട പരിശോധനകൾക്ക് ശേഷം മൊബൈൽ യൂണിറ്റ് അടുത്ത ജില്ലകളിലേക്ക് പര്യടനം തുടരും.സാധാരണക്കാരിലേക്ക് ഹൃദയാരോഗ്യം ഉറപ്പുവരുത്താൻ ആസ്റ്റർ മെഡ്സിറ്റി ആരംഭിച്ച 'സ്പന്ദനം' പദ്ധതി ഏറെ അഭിനന്ദനീയവും അനുകരണീയവുമാണെന്ന് ഷാഫി പറമ്പിൽ എംപി പറഞ്ഞു. പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, ഇടുക്കി എന്നീ അഞ്ച് ജില്ലകളിലൂടെയാണ് ആസ്റ്റർ മെഡ്സിറ്റിയുടെ മൊബൈൽ മെഡിക്കൽ യൂണിറ്റ് പ്രയാണം നടത്തുന്നത്. സമൂഹത്തോടുള്ള കടമയും ഉത്തരവാദിത്തവും നിർവ്വഹിക്കാനും ജനങ്ങളുടെ ഹൃദയാരോഗ്യം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് ആസ്റ്റർ മെഡ്സിറ്റി ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ. ഷുഹൈബ് ഖാദർ പറഞ്ഞു.

# അമൃത വയോജന മിത്ര സംഗമം 2026 സെപ്റ്റംബർ 30ന്

**കൊച്ചി:** അന്താരാഷ്ട്ര വയോജന ദിനത്തോടനുബന്ധിച്ചും ഡിമെൻഷ്യ അവബോധ മാസാചരണത്തിന്റെ ഭാഗമായും മുതിർന്നവരെ ആദരിക്കുന്നതിനായി കൊച്ചി അമൃത ആശുപത്രിയിൽ 'അമൃത വയോജന മിത്ര സംഗമം 2026' സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 30ന് രാവിലെ 9.30 മുതൽ വൈകിട്ട് 4 വരെ അമൃത ആശുപത്രിയിലെ അനക്സ് ബി ബ്ലോക്കിലെ മൂന്നാം നിലയിലുള്ള എക്സാമിനേഷൻ ഹാളിലാണ് പരിപാടി. അമൃത ആശുപത്രിയിലെ ജെറിയാട്രിക്സ്, പാലിയേറ്റീവ് മെഡിസിൻ, ഹോം കെയർ വിഭാഗങ്ങളുടെ സംയുക്താഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. മുതിർന്നവരുടെ ആരോഗ്യവും ജീവിതനിലവാരവും മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ പരിപാടിയുടെ ഭാഗമായി നടക്കും. കൂടാതെ മുതിർന്നവർക്കായുള്ള തൈറോയിഡ്, ദന്ത പരിശോധന എന്നിവ ഉൾപ്പെടെയുള്ള സൗജന്യ മെഡിക്കൽ ക്യാമ്പും സംഗമത്തിന്റെ ഭാഗമായി ഉണ്ടായിരിക്കുന്നതാണ്. കാഴ്ച പരിശോധന, ശാരീരിക ദൗർബല്യ പരിശോധന, പോഷകാഹാര പരിശോധന, വീഴ്ചയ്ക്കുള്ള സാധ്യതാ പരിശോധന തുടങ്ങിയവ പരിപാടിയുടെ ഭാഗമായി നടക്കും. ആരോഗ്യകരമായ വാർധക്യം, ഡിമെൻഷ്യ തുടങ്ങിയ വിഷയങ്ങളിൽ സൗജന്യ ബോധവത്കരണ സെഷനുകളും സംഘടിപ്പിക്കും. മുതിർന്നവർക്കും പരിചരിക്കുന്നവർക്കും ഒരുമിച്ച് പങ്കെടുക്കാവുന്ന വിവിധ സംവേദനാത്മക പരിപാടികളും വിനോദ പരിപാടികളും സംഗമത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. മുതിർന്നവരുടെ ആരോഗ്യ സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുന്നതിനും അവരുടെ ശാരീരികവും മാനസികവുമായ ക്ഷേമത്തിന് ആവശ്യമായ പിന്തുണ ഉറപ്പാക്കുന്നതിനുമൊപ്പം, മുതിർന്നവരെ പരിചരിക്കുന്നവരുടെ സേവനങ്ങളെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുകയാണ് പരിപാടിയുടെ ലക്ഷ്യം. സൗജന്യ രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും: 7994999843.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com